I/37673/2023

**ഭരണഭാഷ – മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ
സെക്കന്ററി വിദ്യാഭ്യാസം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

എച്ച്.എസ്.ഇ/9291/2023-എഡി എ4 തീയതി: 13-11-2023

**പരിപത്രം**

വിഷയം:- പൊ വി വ - ഹ സെ വി - ദിവസവേതന ജീവനക്കാരുടെ ടെർമിനേഷൻ തീയതി സ്പാർക്കിൽ രേഖപ്പെടുത്തുന്നതിൽ കൃത്യത ഉറപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 21/10/2023 തീയതിയിലെ സർക്കാർ കത്ത് നമ്പർ GEDN-C2/236/2023-G.EDN

ദിവസവേതന ജീവനക്കാരുടെ ടെർമിനേഷൻ തീയതി സ്പാർക്കിൽ തെറ്റായി രേഖപ്പെടുത്തിയത് തിരുത്തുന്നതിനായി നിരവധി അപേക്ഷകൾ സർക്കാരിലേക്ക് ലഭിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അശ്രദ്ധകൊണ്ടു മാത്രം സംഭവിക്കുന്ന ഇത്തരത്തിലുള്ള വീഴ്ചകൾ താല്കാലിക ജീവനക്കാരന് ശമ്പളം മാറുന്നതിലടക്കം ബുദ്ധിമുട്ടുണ്ടാക്കുന്നതിനോടൊപ്പം ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട സ്കൂളിന്റെ ഓഫീസ്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, സർക്കാർ, സ്പാർക്ക് എന്നീ സംവിധാനങ്ങളുടെ വിഭവശേഷിയും സമയവും അനാവശ്യമായി നഷ്ടപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യമുള്ളതായി സൂചന കത്തു പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ടെർമിനേഷൻ തീയതിയുൾപ്പെടെ സ്പാർക്കിൽ നടത്തുന്ന എൻട്രികൾ നടത്തുമ്പോൾ താഴെപ്പറയുന്ന വിഷയങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിയ്ക്കേണ്ടതാണ്.

1) ടെർമിനേഷൻ തിയതി ഉൾപ്പടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്പാർക്കിൽ നടത്തുന്ന എൻട്രികൾ ശ്രദ്ധാ പൂർവ്വം ചെയ്യുന്നുണ്ടെന്നും, എൻട്രികൾ അപ്രൂവ് ചെയ്യുന്നതിന് മുൻപായി ചെയ്ത എൻട്രികൾ പൂർണ്ണമായും ശരിയാണെന്നും ബന്ധപ്പെട്ട ഡി ഡി ഒ/ പ്രിൻസിപ്പൽ ഉറപ്പ് വരുത്തേണ്ടതാണ്.

2) സ്പാർക്കിൽ തെറ്റായ എൻട്രി വരുത്തി തിരുത്തലിനായി അപേക്ഷ നൽകുന്ന

സാഹചര്യമുണ്ടായാൽ, സ്പാർക്കിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തുന്ന ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച്, പ്രസ്തുത വിവരം കൂടി ചേർത്ത് മാത്രം അപേക്ഷകൾ സർക്കാരിലേക്ക് കൈമാറുന്നതാണെന്ന വിവരം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

Signed by
Santhosh Kumar B
Date: 13-11-2023 17:17:53

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**

**എല്ലാ മേഖലാ ഓഫീസർമാർക്കും, എല്ലാ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും.**